കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: ddlfampm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.11/2683/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.03-10-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പംഅയക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും,ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായിപ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുംആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം11/2683/2016 തിയ്യതി:03-10-2016

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04-03-16മുതൽ 17-09-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ടനിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെയു ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-09-16 മുതൽ 28-09-16 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് ) |
| ശ്രീ .സി അബ്ദുൾ ഗഫൂർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി.ടി.സന്തോഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലത ഒ വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ ഹംസക്കുട്ടി എം | 01-04-2015മുതൽ 31-10-2015 വരെ |
| ശ്രീമതി അന്നമ്മ | 19-11-2015മുതൽ31-03-2016 വരെ |
| 01-11-2015 മുതൽ 18-11-2015വരെ ശ്രീ. സുരേഷ് ബാബു.പി., സെക്രട്ടറി, ശ്രീ. വി.വി.രാജീവൻ, കൃഷി ഓഫീസർ, ശ്രീമതി ശ്രീലത | |

| |
|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ അടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി |

സെക്രട്ടറി

| | |
|---|---|
| ശ്രീ സുരേഷ് ബാബു പി | 01-04-15മുതൽ 31-03-2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ അനൂപ് കുമാർ | 01.04.2015മുതൽ 20-10-2015 വരെ |
| | ശ്രീ വി.വി രാജീവൻ | 21-10-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ഷീജാ വാസു | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശ്രീലത | 01.04.2015മുതൽ 31.03.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ബേനസീർ | 01.04.2015മുതൽ 29-02-2016 വരെ |
| | ശ്രീ മുഹമ്മദ് ബൈജു | 01-03-2016 മുതൽ 31-03-2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ ഉസ്മാൻ | 01.04.2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.സജ്ന | 01.04.2015മുതൽ 19-07-2015 വരെ<br>02-10-2015 മുതൽ 31-03-2016 വരെ |
| | ഡോ.ഷബ്ന പർവീൺ | 20-07-2015 മുതൽ 01-10-2015 വരെ |
| അസി.എഞ്ചിനീയർ | ശ്രീ പ്രസന്ന കുമാർ | 01-04-2015 മുതൽ 31-03-2016വരെ |
| അസി. സെക്രട്ടറി | ശ്രീമതി മായ ഡി | 01-04 2015 മുതൽ 15-07-2015 വരെ |
| | ശ്രീമതി സിന്ധു കെ | 16-07-2015 മുതൽ 20-08-2015 വരെ |
| | ശ്രീമതി നിമ്മി ജേക്കബ്ബ് | 21-08-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | തൊഴിൽ നികുതി കുറവായി ഈടാക്കി | 2-1 | |
| 15 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 2-2 | |
| 16 | തൊഴിൽ നികുതി അനുബന്ധ രജിസ്റ്ററുകൾ | 2-3 | |

| | | | |
|---|---|---|---|
| | സൂക്ഷിച്ചിട്ടില്ല. | | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | പൊളിച്ചെടുത്ത റബിളിന്റെ അളവ് കുറവായി കണക്കാക്കിയത് | 3-1 | |
| 18 | ഡ്രൈനേജ് നിർമ്മാണം ഉയർന്ന നിരക്കനുവദിച്ചത് | 3-2 | |
| 19 | കിണർ റിംഗ് ഉയർന്ന നിരക്കനുവദിച്ചത് | 3-3 | |
| 20 | അളവ് തെറ്റായി രേഖപ്പെടുത്തിയത് | 3-4 | |
| 21 | വിവാഹ ധനസഹായം (എസ് സി)പദ്ധതി -അപാകതകൾ | 3-5 | |
| 22 | യാത്രാബത്ത അധികം നൽകിയത് | 3-6 | |
| 23 | തെരുവുവിളക്ക് റിപ്പയർ- അപാകതകൾ | 3-7 | |
| 24 | നികുതി കുറവായി അടവാക്കിയത് | 3-8 | |
| 25 | കൺവീനർ വർക്ക് പ്രവൃത്തി അപാകതകൾ | 3-9 | |
| 26 | ഇൻകംടാക്സ് ഈടാക്കാത്തതു സംബന്ധിച്ച് | 3-10 | |
| 27 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു | 3-11 | |
| 28 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. | 3-12 | |
| 29 | വികലാംഗ പെൻഷൻ അധികം വാങ്ങിയത് | 3-13 | |
| 30 | തനത് ഫണ്ടിൽ നിന്നും നൽകിയ തുകകൾ റീക്കൂപ്പ് | 3-14 | |

| | | | |
|---|---|---|---|
| | സംബന്ധിച്ച് | | |
| 31 | കംപ്യൂട്ടറുകളും ലാപ്പ്ടോപ്പും ആവശ്യാനുസരണം വാങ്ങിയില്ല | 3-15 | |
| 32 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം | 3-16 | |
| 33 | സബ്സിഡിമാർഗ്ഗരേഖയിലില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചത് | 3-17 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 40 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

| | | | |
|---|---|---|---|
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | 5-1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16ലെ ബജറ്റ് 11-03-15 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 06-05-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

1 വാർഷിക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2 പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

3 വസ്തു നികുതി ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് രജിസ്റ്ററികൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

4. എ.എഫ്.എസ്. - വിവിധ അക്കൗണ്ടുകളിൽ നിലനിൽക്കുന്ന ബാലൻസ് തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 9539995 |
| വരവ് | 37033094 |
| ആകെ | 46573089 |
| ചെലവ് | 40928420 |
| നീക്കിയിരുപ്പ് | 5644669 |

## 1-5 ഫണ്ട് വിനിയോഗം

### 2015-16

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3349000 | 8696138 | 12045138 | 10789827 | 1255311 | 89.5 |
| വികസനഫണ്ട് എസ്.സി.പി. | 275000 | 5744000 | 6019000 | 4565430 | 1453570 | 75.8 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5000 | 5000 | 0 | 5000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3918000 | 3918000 | 3915027 | 2573 | 99.9 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2512000 | 2512000 | 2143585 | 368415 | 85 |
| 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 3213293 | 3213293 | 3206417 | 6876 | 99.7 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | |
| എം എൻ ആർ ജി എസ് | 72992 | 337190 | 410182 | 408752 | 1430 | 99.6 |
| ബി ഫണ്ട് | 0 | 81600 | 81600 | 81600 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 157 | 44246899 | 136 | 33684378 | - | 21 | 86.6% |

പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

2013-14

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 4488058 | 4442026 | -46032 | 1 |
| നികുതിയേതര വരവുകൾ | 355507 | 806877 | 451370 | 44 |
| മറ്റുവരവുകൾ | 458076 | 299207 | -158869 | 34 |
| ആകെ | 5301641 | 5548110 | 246469 | 4 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 51600 | 57 |
| കർഷകതൊഴിലാളി പെൻഷൻ | 0 | 0 |
| വിധവാപെൻഷൻ | 0 | 0 |
| വാർദ്ധക്യകാലപെൻഷൻ | 0 | 0 |
| വികലാംഗപെൻഷൻ | 0 | 0 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 0 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-09-2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14554 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

അസി.എഞ്ചിനീയർ, ഹെഡ്മാസ്റ്റർ എന്നിവർ TR 7A കാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. അസി.എഞ്ചിനീയർ കാഷ്ബുക്കിൽ എല്ലാ വരവുകളും പിൻവലിക്കുന്ന തീയതി അനുസരിച്ച് ചേർത്തിട്ടില്ല. കാഷ്ബുക്കിൽ ഓരോ ഇടപാടിലും ഒപ്പു വയ്ക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-8-2016 | 2016 ജൂലൈ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-10-05 മുതൽ 28-10-05വരെ | 2004-05മുതൽ 2008-09വരെ | 03-12-2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി കുറവായി ഈടാക്കി

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അർദ്ധവാർഷിക വരുമാനത്തിൽ ലീവ് സറണ്ടർ സാലറി ഉൾപ്പെടുത്തിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പേര്/ഉദ്യോഗപ്പേര് | വരുമാനം റിട്ടേൺ പ്രകാരം | ലീവ് സറണ്ടർ സാലറി/തീയതി | ആകെ | അടച്ചത് | അടയ്ക്കേണ്ടത് | ബാക്കി |
|---|---|---|---|---|---|---|
| സുമ ഒ. ബി.<br>എൽ.ഡി. സി | 113946 | 21670<br>20.3.16 | 135616 | 1000 | 1250 | 250 |
| നജ്മുന്നീസ .പി.<br>എൽ.ഡി. സി | 113946 | 22783<br>20.3.16 | 136729 | 1000 | 1250 | 250 |

ആകെ 500രൂപ

2. തുക കുറവായി അടവാക്കി

| പേര്/ഉദ്യോഗപ്പേര് | വരുമാനം റിട്ടേൺ പ്രകാരം | അടച്ചത് | അടയ്ക്കേണ്ടത് | ബാക്കി |
|---|---|---|---|---|
| വർഗ്ഗീസ് ജോർജ്<br>H.S.A ഇംഗ്ലീഷ്<br>GHSS. വെട്ടത്തൂർ | 125733<br>(ഒന്നാം അർദ്ധവർഷം) | 1000 | 1250 | 250 |

ആകെ 250രൂപ

3.സ്ഥാപന തൊഴിൽനികുതി അടവാക്കിയില്ല

ത്രിവേണി സൂപ്പർമാർക്കറ്റ്, ചുങ്കം, പട്ടിക്കാട് എന്ന സ്ഥാപനം രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപനതൊഴിൽനികുതി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (2/21.9.16) മറുപടി ലഭിച്ചിട്ടില്ല. കുറവായി ഈടാക്കിയ തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം രശീതി സഹിതം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. ടി വിവരം ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാട്ടിയപ്പോൾ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി 250 രൂപ വീതം 11604101848,1849/23-9-16 പ്രകാരം അടവാക്കി. ബാക്കി 250 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു.

## 2-2 ലൈസൻസ് ഫീ കുറവായി ഈടാക്കി

ലൈസലൻസ് ഫീ കുറവായി ഈടാക്കി

2015-16 വർഷത്തിൽ ചുവടെ ചേർത്തിരിയ്ക്കുന്ന ലൈസൻസികളിൽ നിന്നും താഴെപ്പറയും പ്രകാരം ഡി&ഒ

ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| നം (റജിസ്റ്റർ പ്രകാരം) | പേര് | സ്ഥാപനം | H.P/ദിവസ വരുമാനം | ലൈസൻസ് നം /തീയതി | അടച്ച തുക | അടയ്ക്കേണ്ടത് |
|---|---|---|---|---|---|---|
| 36/2015-16 | കൊങ്കത്ത് ഉമ്മർ, പള്ളിക്കുത്ത് പട്ടിക്കാട് | താരാ ട്രൈഡിംഗ് കമ്പനി | 15000 രൂപ | 04804/20.3.15 | 200 | 300 |
| 51/2015-16 | അബ്ദുള്ള എം, മച്ചിങ്ങൽ വീട് കാര്യവട്ടം | അജ്മൽ മിൽസ് (വെളിച്ചെണ്ണ കൊപ്ര പൊടിവിതരണം) | 40H.P | 100758/19.5.15 | 200 | 400 |
| 178/2015-16 | കെ. പി അബ്ദുൾബഷീർ, കാര്യവട്ടം | ഫാത്തിമ വുഡ് വർക്ക്സ് (ഈർച്ച മിൽ) | 36H.P | 410365/17.2.168 | 300 | 400 |

കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 231(1) പട്ടിക 11 പ്രകാരം, ദിവസേനയുള്ള ശരാശരി വിറ്റുവരവ്, യന്ത്രത്തിന്റെ കുതിരശക്തി എന്നിവ അനുസരിച്ച് ലൈസൻസ് ഫീസായി ചുമത്താവുന്ന പരമാവധി തുക നിശ്ചയിച്ചിരിക്കെ, ലൈസൻസ് ഫീ കുറവായി ഈടാക്കിയതിന്റെ സാഹചര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 3/22.9.2016 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയിട്ടുണ്ട്.

.

## 2-3 <u>തൊഴിൽനികുതി അനുബന്ധ രജിസ്ററുകൾ സൂക്ഷിച്ചിട്ടില്ല</u>

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിയ്ക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്ററർ തദ്ദേശ സ്വയം ഭരണ സ്ഥാപനം സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ വർഷം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി- സ്ഥാപന രജിസ്ററർ സൂക്ഷിച്ചിട്ടില്ല .

തൊഴിൽ നികുതി ഒടുക്കുന്നതിന് ബാധ്യസ്ഥരായ, വ്യാപാരസ്ഥാപനങ്ങളെ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റും സ്ഥാപനം സൂക്ഷിച്ചിട്ടില്ല. തൻവർഷം നികുതി നൽകിയ ട്രേഡേഴ്സിനെ മാത്രം ഉൾപ്പെടുത്തിയ ലിസ്റ്റാണ് ഓഡിറ്റിനു ഹാജരാക്കിയത്.

ഗ്രാമ പഞ്ചായത്തു പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ ലാബുകൾ, പാരലൽ കോളേജുകൾ, ഹോട്ടലുകളും കച്ചവട സ്ഥാപനങ്ങളും, വർക്ക് ഷോപ്പുകൾ, തടി മില്ലുകൾ, റേഷൻകടകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിലാളികളിൾ നിന്നും ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഇടാക്കുന്നതിന് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഡി &ഒ ലൈസൻസ് ചുമത്തിയിട്ടുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും പിരിഞ്ഞു കിട്ടേണ്ട മുഴുവൻ നികുതിയും ഡിമാന്റ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊളിച്ചെടുത്ത റബിളിന്റെ അളവ് കുറവായി കണക്കാക്കിയത്

| | |
|---|---|
| പ്രവർത്തി | കിനാതിയിൽപടി വി.സി.ബി റിപ്പയർ |
| എഗ്രിമെന്റ് | 95/25-12-14 |
| കൺവീനർ | അബൂബക്കർ സിദ്ദീഖ് |
| എം- ബുക്ക് | 95/14-15 |
| വൗച്ചർ | 136/30-3-16&139/30-3 |
| മൂല്യ നിർണ്ണയ തുക | 83414 |

കിനാതിയിൽപടി വി.സി.ബിയുടെ നിലവിലെ കരീങ്കൽകെട്ട് പൊളിച്ച് വീണ്ടും കെട്ടുന്നതിനാണ് ഇനം 2,3 കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പൊളിച്ചെടുത്ത റബിളുകൊണ്ട് 55% മേൽ പ്രവർത്തി ചെയ്യാൻ അടങ്കലിൽ ലക്ഷ്യമിട്ടിരുന്നുവെങ്കിലും ആയതിലും കുറഞ്ഞഅളവിലാണ് പൊളിച്ചെടുത്ത റബിൾ ഉപയോഗിച്ച് കാണുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | മൂല്യ നിർണ്ണയ പ്രകാരം അംഗീകരിച്ച പ്രവർത്തി | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടത് |
|---|---|---|
| ആകെ പാക്കിംഗ് | 21.24m3 | 21.24m3 |
| പൊളിച്ചെടുത്ത റബിൾ കൊണ്ട് ചെയ്തു/ ചെയ്യേണ്ട പ്രവർത്തി | 4.20m3 @690/m3 | 11.68m3 |
| കൺവീനറുടെ റബിൾ കൊണ്ട് ചെയ്തു/ചെയ്യേണ്ട പ്രവർത്തി | 18.58@1610/m3 | 9.56m3 |

പൊളിച്ചെടുത്ത റബിൾ ചെയ്യേണ്ട പ്രവർത്തി11.68m3 അംഗീകരിക്കുന്നതിന് പകരം4.20m3 അംഗീകരിച്ചതിനാൽ 6881.60 രൂപയുടെ {(11.68-4.20)(1610-690)}അധിക ചെലവ് വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 ഡ്രൈനേജ് നിർമ്മാണം - ഉയർന്ന നിരക്ക് അനുവദിച്ചു. 19,987 രൂപ നഷ്ടം

| | |
|---|---|
| പ്രവർത്തി | പച്ചീരിപാടം-പീടികപ്പടി റോഡ് ഡ്രൈനേജ് നിർമ്മാണം |
| എഗ്രിമെന്റ് | 68/27-12-14 |

| | |
|---|---|
| കൺവീനർ | ജയരാജൻ |
| എം- ബുക്ക് | 15/14-15 |
| വൗച്ചർ | 86/26-3-15 - 68000<br>97/26-3-15- 52000<br>6/30-6-15 127422<br>31/30.6.15 4578<br>മൊത്തം 252000 |
| മൂല്ല്യ നിർണ്ണയ തുക | 252000 |

മൊത്തം 2,52,000 രൂപക്ക് മൂല്ല്യ നിർണ്ണയവും അത്രയും തുക തന്നെ ചെലവഴിക്കുകയും ചെയ്തിരിക്കുന്ന മേൽ പ്രവർത്തിയുടെ 3 ഇനം20 mm മെറ്റലുപയോഗിച്ച് 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് നിർമ്മാണമാണ്. ആയതിന് 83/10dm3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. അനുവദനീയമായ നിരക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം 73/10dm3 മാത്രമാണ് .

| | | |
|---|---|---|
| കോൺക്രീറ്റിന്റെ അളവ് | 2x126.90x0.15x.5 | 19.035m3 |
| ഫോം വർക്കിന്റെ അളവ് | 2x126.90x.5 | 126.90m2 |
| 1 m3 ഫോം വർക്കിന്റെ അളവ് | 126.90m2/19.035m3 | 6.67m2 |
| 10dm3കോൺക്രീറ്റിന്റെ നിരക്ക് ഫോം വർക്ക് ഉൾപ്പെടെ | 59.50 + 0.067x2026/10 | 73.01/10dm3 |

എന്നാൽ 83/10dm3 നിരക്കാണ് അനുവദിച്ചിട്ടുള്ളത്

ആകെ 19986.75dm3 ന് ബില്ലിൽ തുക അനുവദിച്ചതിനാൽ 19986.75 രൂപ (19986.75(83-73)/10 അധിക ചെലവുണ്ടായിട്ടുണ്ട്. ആയത് അടങ്കൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥർ എന്നിവരുടെ വീഴ്ച ആയതിനാൽ ടി ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-3 കിണർ റിംഗ് ഉയർന്ന നിരക്ക് അനുവദിച്ചത്

| | |
|---|---|
| പ്രവർത്തി | കവല കുത്താർ തൊടി കുടിവെള്ള പദ്ധതി |
| എഗ്രിമെന്റ് | 115/31-12-14 |
| കൺവീനർ | ജലീൽ |
| എം- ബുക്ക് | 115/14-15 |
| വൗച്ചർ | 16/29-7-15 -145989<br>23/27-10-15- 100000<br>മൊത്തം 245989 |
| മൂല്ല്യ നിർണ്ണയ തുക | 245989 |

മൊത്തം 245989രൂപക്ക മൂല്ല്യ നിർണ്ണയവും അത്രയും തുക തന്നെ ചെലവഴിക്കുകയും ചെയ്തിരിക്കുന്ന മേൽ പ്രവർത്തിയുടെ 7ഇനം20mm മെറ്റലുപയോഗിച്ച് M15 സിമന്റ് കോൺക്രീറ്റ് നിർമാണമാണ് ആയതിന് അനുവദനീയമായ നിരക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം 91/10dm3 മാത്രമാണ് .

| | | |
|---|---|---|
| കോൺക്രീറ്റിന്റെ അളവ് | 3.14x3.5x0.15x8.5 | 14.01m3 |
| ഫോം വർക്കിന്റെ അളവ് | 2x3.14x3.5x8.5 | 186.83m2 |
| 1 m3ഫോം വർക്കിന്റെ അളവ് | 186.83m2/14.01m3 | 13.34m2/m3 |
| 10dm3കോൺക്രീറ്റിന്റെ നിരക്ക് ഫോം വർക്ക് ഉൾപ്പെടെ | 63.5 + 0.134x2026/10 | 91/10dm3 |

എന്നാൽ96/10dm3നിരക്കാണ് അനുവദിച്ചത് ആയത് കണക്കാക്കിയത് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

| | | |
|---|---|---|
| കോൺക്രീറ്റിന്റെ അളവ് | 1x0.4x(0.15+0.1)/2 | 0.05m3 |
| ഫോം വർക്കിന്റെ അളവ് | 2x1x0.4 | 0.8m2 |
| 1 m3ഫോം വർക്കിന്റെ അളവ് | 0.8m2/0.05 | 16m2 |
| 10dm3കോൺക്രീറ്റിന്റെ നിരക്ക് ഫോം വർക്ക് ഉൾപ്പെടെ | 63.5 +0.16x2026/10 | 96/10dm3 |

ആകെ 13390dm3 ന് ബില്ലിൽ തുക അനുവദിച്ചതിനാൽ 6695 രൂപ {6695x(96-91)}അധിക ചെലവുണ്ടായിട്ടുണ്ട് ആയത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കുന്നു.

## 3-4 അളവ് തെറ്റായി രേഖപ്പെടുത്തി - 7104 രൂപ അധിക ചെലവ്

| | |
|---|---|
| പ്രവർത്തി | കൊണ്ടുവാഴപറമ്പ് പാറ നടപ്പാത നിർമ്മാണം |
| എഗ്രിമെന്റ് | 40/24-7-15 |
| കൺവീനർ | ശങ്കരൻ |

| | |
|---|---|
| എം- ബുക്ക് | 40/15-16 |
| വൗച്ചർ | 96/22-1-16 |
| മൂല്ല്യ നിർണ്ണയ തുക | 164000 |

മൊത്തം 164000 രൂപക്ക് മൂല്ല്യ നിർണ്ണയവും അത്രയും തുക തന്നെ ചെലവഴിക്കുകയും ചെയ്തിരിക്കുന്ന മേൽ പ്രവർത്തിയുടെ മൂന്നാം ഇനം കൺവീനർ നല്ല ഗുണമുള്ള മണ്ണ് പുറത്ത് നിന്ന് സംഭരിച്ച് ഫില്ലിംഗ് നടത്തലാണ്. ആയത് 106.88 m3 ചെയ്തതായി എംബുക്ക് പേജ് 3 ൽ അളവെടുത്ത് ചെക്ക് മെഷർമെന്റ് നടത്തിയിട്ടുള്ളതാണ്. എന്നാൽ പ്രവർത്തിയുടെ മൊത്തം മൂല്ല്യം കണക്കാക്കിയപ്പോൾ ഈ ഇനത്തിന് 128.25 m3 @ 332.45/m3 ലാണ് മൂല്ല്യം അനുവദിച്ചിട്ടുള്ളത്. തെറ്റായി മൂല്ല്യം കണക്കാക്കിയത് വഴി 7104 രൂപ {(128.25-106.88)x332.45} തെറ്റായി അളവ് കണക്കാക്കി മൂല്യ നിർണ്ണയം നടത്തിയ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വിവാഹ ധനസഹായം (SC) പദ്ധതി -അപാകതകൾ

പ്രൊജക്ട് നം 30/16

ബിൽ നം.1/30.9.15 തുക - 100500

ബിൽ നം.2/18.10.15 തുക - 50000

ബിൽ നം.5/21.3.16 തുക - 400000

-------------

ആകെ 1500000

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ വിവാഹ ധനസഹായം (SC) പദ്ധതി പരിശോധിച്ചതിൽ, പ്രൊജക്ട് നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പ്രൊജക്ട് പ്രകാരം ആകെ അടങ്കൽ 1300000 രൂപയാണ്.എന്നാൽ 1500000 രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.പ്രൊജക്ട് ഭേദഗതി വരുത്തിയതിന്റെ വിവരം ആവശ്യപ്പെട്ടങ്കിലും ലഭ്യമാക്കിയില്ല.

2. ജി.ഒ(ആർ.ടി) നം .789/15ത.സ്വ.ഭ.വ. തി. 18.3.15 പ്രകാരം വിവാഹം കഴിഞ്ഞ് 6 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ താഴെപ്പറയുന്നവരുടെ കാര്യത്തിൽ മേൽ നിബന്ധന പാലിച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വിവാഹ തിയ്യതി | അപേക്ഷ തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | ഭാസ്കരൻ (ഷിജിനി.എൻ) | 28.12.14 | 14.9.15 | കല്യാണകത്തിലെ തിയ്യതി 28.12.14ും വിവാഹ സർട്ടിഫിക്കറ്റിലെ തിയ്യതി 26.5.15മാണ്.ടിയാരിയുടെ വിവാഹ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയില്ലും<br>28.12.14 ആണ്.(സർട്ടിഫിക്കറ്റിൽ തിയ്യതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി |

| | | | | |
|---|---|---|---|---|
| | | | | മനസ്സിലാകുന്നു) |
| 2 | ലക്ഷ്മി വിത്തനോട്ടിൽ (ശ്രീജ) | 23.6.13 | 13.4.15 | |
| 3 | ഗോപാലകൃഷ്ണൻ ചേലപ്പറമ്പത്ത് (ഷനൂജ) | 20.8.14 | 30.3.15 | |

.

3.ജി.ഒ(എം.എസ്) നം 362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 6.5 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ ധനസഹായത്തിന് അപേക്ഷിച്ചവർ തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ ധനസഹായം കൈപ്പറ്റിയിട്ടില്ലെന്നുള്ള പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | ഡി.ഡി നം./തിയ്യതി | തുക |
|---|---|---|---|
| 1 | അയ്യപ്പൻ വിത്തനോട്ടിൽ (അശ്വതി) | 830550/9-10-15 | 50000 |
| 2 | നാടി ചോലപ്പറമ്പത്ത് (അജിത) | 830549/9.10.15 | 50000 |
| 3 | മാത കാവണ്ണയിൽ (സരിത) | 830551/9.10.15 | 50000 |
| 4 | വേലായുധൻ പരളൂർ (ലത) | 830552/9.10.15 | 50000 |
| 5 | അപ്പുക്കുട്ടൻ തിരുത്തിയിൽ (ധന്യ) | 830553/9.10.15 | 50000 |
| 6 | അയ്യപ്പൻ .കെ (സുമിത) | 830554/9.10.15 | 50000 |
| 7 | അയ്യപ്പൻ കാവനിപ്പുരക്കൽ (ശാന്തകുമാരി) | 830555/9.10.15 | 50000 |
| 8 | ഉഷ കണ്ടപ്പാടത്ത് (വർഷ) | 830556/9.10.15 | 50000 |
| 9 | നാടി പച്ചീരി (ഷീന) | 830557/9.10.15 | 50000 |
| 10 | ഗോപാലകൃഷ്ണൻ ചേലപ്പറമ്പത്ത് | 831595/13.11.15 | 50000 |

| | | | |
|---|---|---|---|
| | (ഷന്യജ) | | |

പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ ധനസഹായം കൈപ്പറ്റിയിട്ടില്ലെന്നുള്ള പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. .

4.ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.

താഴെപ്പറയുന്ന ഗുണഭോക്താക്കളെ ഭരണ സമിതി അംഗീകരിച്ചതിന്റെ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കിയില്ല..

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഡി.ഡി നം.തിയ്യതി | തുക |
|---|---|---|---|
| 1 | ഗോപാലകൃഷ്ണൻ ചേലപ്പറമ്പത്ത് (ഷന്യജ) | 831595/13.11.15 | 50000 |
| 2 | ഭാസ്കരൻ (ഷിജിനി) | 832506/19.3.16 | 50000 |
| 3 | രാമചന്ദ്രൻ വാടായിൽ (പ്രിയ) | 832507/19.3.16 | 50000 |
| 4 | വേലായുധൻ പാറക്കൽ (സിനി) | 832508/19.3.16 | 50000 |
| 5 | യക്കി കണ്ണംതൊടി (വിജിഷ) | 832509/19.3.16 | 50000 |
| 6 | നാടി പട്ടാമ്പി (സിൻസി മോൾ) | 832510/19.3.16 | 50000 |
| 7 | ഭാസ്കരൻ (അശ്വതി) | 832511/19.3.16 | 50000 |
| 8 | ജാനകി നടകളത്തിൽ (ആതിര) | 832512/19.3.16 | 50000 |
| 9 | ദേവകി ഓട്ടക്കല്ലൂതൊടി (അനിത) | 832513/19.3.16 | 50000 |

ഗുണഭോക്തൃ ലിസ്റ്റ്, പട്ടിക ജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം,എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 4 .തി.24.9.16) നൽകിയെങ്കിലും മറുപടി ലഭ്യമാക്കില്ല. ആയതിനാൽ പട്ടിക ജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 500000 (10*50000) രൂപയും ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കത്തത് മൂലമുള്ള 400000 (8*50000)(ശ്രീ ഗോപാലകൃഷ്ണൻ ചേലപ്പറമ്പത്തിന്റെ ഗുണഭോക്തലിസ്റ്റും സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല) രൂപയും അടക്കം 900000 രൂപഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 യാത്രാബത്ത അധികം നൽകിയത്

ഗ്രാമപഞ്ചായത്തിലെ താത്കാലിക ഡ്രൈവറായ ശ്രീ.ഫൈസൽ റഹ്മാൻ എന്നവർക്ക് വിവിധ സ്ഥലങ്ങളിലേക്ക് യാത്ര പോയതിന് തുക അധികം നൽകിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിച്ചുള്ള യാത്രകളിൽ താമസം 6 മണിക്കൂറിൽ കുറവാണെങ്കിൽ 1/2 ദിനബത്തക്ക് മാത്രമേ അർഹതയുള്ളൂ എന്നിരിക്കെ 1 ദിനബത്ത നൽകിയതായി കാണുന്നു. അധികം നൽകിയ യാത്രാബത്തയുടെ വിശദവിവരം ചുവടെ.

വൗച്ചർനം.21500006/7.4 .2015

തുക 9800

| ക്രമ നം | തിയ്യതി | പുറപ്പെട്ട സമയം-തിരിച്ചെത്തിയ സമയം | യാത്ര ചെയ്ത സ്ഥലം | നൽകിയ തുക | നൽകാവുന്നത് | അധികം |
|---|---|---|---|---|---|---|
| 1 | 1.6.13 | 1.45pm-3.45pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | 8*150 =1200 limited to 980 | 8*75 =600 | 380 |
| | 10.6.13 | 9.30am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 11.6.13 | 9.30 am-2.30 pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 13.6.13 | 11 am-2pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 19.6.13 | 11 am -3pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 20.6.13 | 2.30pm -5.45 pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 22.6.13 | 11 am-1pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | 1.7.13 | 11 am-3pm | തേലക്കാട്-മലപ്പുറം പോയിവന്നത് | 8*150 =1200 limited to 980 | 8*75 =600 | 380 |
| | 4.7.13 | 12-2.30pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 6.7.13 | 3pm-5pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 8.7.13 | | തേലക്കാട്-മഞ്ചേരി പോയിവന്നത് | | | |
| | 11.7.13 | 9 am-11 am | തേലക്കാട്-മഞ്ചേരി പോയിവന്നത് | | | |
| | 12.7.13 | 1.30pm-5pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 16.7.13 | 1pm-5.30 pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 27.7.13 | 3 pm-5.30pm | തേലക്കാട്-മഞ്ചേരി പോയിവന്നത് | | | |
| 3 | 5.8.13 | 9.30am-11.30am | തേലക്കാട്-മഞ്ചേരി പോയിവന്നത് | 8*150 =1200 limited to 980 | 8*75 =600 | 380 |
| | 7.8.13 | 2.30pm-5.30 pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 12.8.13 | 2.30pm-6.30pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | 13.8.13 | 9.30am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 14.8.13 | 9.30am-1pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 16.8.13 | 2.30pm-5.40pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 19.8.13 | 3.15pm-5pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 20.8.13 | 9.30am-5pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| 4 | 2.9.13 | 8.45am-2pm | തേലക്കാട്-പൂക്കോട്ടൂർ പോയിവന്നത് | 8*150 =1200 limited to 980 | 8*75 =600 | 380 |
| | 4.9.13 | 10am-1pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 9.9.13 | 10am-1pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 10.9.13 | 10.30am-12am | തേലക്കാട്-കീഴാറ്റൂർ പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| | 11.9.13 | 10.30am-12am | തേലക്കാട്-കീഴാറ്റൂർ പോയി വന്നത് | | | |
| | 12.9.13 | 9.45am-2pm | തേലക്കാട്-മലപ്പുറം പോയി വന്നത് | | | |
| | 19.9.13 | 1pm-6pm | തേലക്കാട്-പെരിന്തൽമണ്ണ പോയി വന്നത് | | | |
| | 24.9.13 | 9am-3pm | തേലക്കാട്-മലപ്പുറം പോയി വന്നത് | | | |
| 5 | 1.10.13 | 10am-11am | തേലക്കാട്-പെരിന്തൽമണ്ണ പോയി വന്നത് | 8*150 =1200 limited to 980 | 8*75 =600 | 380 |
| | 4.10.13 | 10.10am-12.30am | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 5.10.13 | 10am-1pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 15.10.13 | 10am-12am | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 18.10.13 | 10.30am-11.30am | തേലക്കാട്-കീഴാറ്റൂർ പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| | 19.10.13 | 9.30am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 21.101.3 | 1.30pm-6pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 26.10.13 | 2.15-5.30pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| 6 | 4.11.13 | 10 am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | 8*150 =1200 limited to 980 | 8*75 =600 | 380 |
| | 7.11.13 | 10.30am-2pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 8.11.13 | 11am-2pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 12.11.13 | 3pm-5pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 15.11.13 | 11.30-2pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 19.11.13 | 11.30am-2pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | 25.11.13 | 11.30am-3.15pm | തേലക്കാട്-കീഴാറ്റൂർ പോയിവന്നത് | | | |
| | 27.11.13 | 11am-1pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| 7 | 2.12.13 | 10.30am-11.30am | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | 7*150 =1050 limited to 980 | 7*75 =525 | 455 |
| | 5.12.13 | 2.30pm-6.30pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 9.12.13 | 11am-5pm | തേലക്കാട്-കഞ്ചിക്കോട് പോയിവന്നത് | | | |
| | 11.12.13 | 4pm-5.30pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 15.12.13 | 3pm-6pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 17.12.13 | 3pm-5pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 24.12.13 | 12am-4.45pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| 8 | 2.1.14 | 9.30am-1.30pm | തേലക്കാട്-മലപ്പുറം പോയിവന്നത് | 7*150 =1050 limited to 980 | 7*75=525 | 455 |
| | 3.1.14 | 2pm-5pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 6.1.14. | 11am-1pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 7.1.14 | 2pm-5pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 9.1.14 | 3pm-6pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 15.1.14 | 9.30am-2pm | തേലക്കാട്-ആനക്കയം പോയിവന്നത് | | | |
| 9 | 1.2.14 | 11am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | 7*150 =1050 limited to980 | 7*75 =525 | 455 |
| | 3.2.14 | 10am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 5.2.14 | 10am-11.30am | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| | 6.2.14 | 9am-11am | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 18.2.14 | 10am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 21.2.14 | 11am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 22.2.14 | 1.30pm-5pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| 10 | 1.3.14 | 11am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | 150*9=1350 limited to980 | 75*9=675 | 305 |
| | 4.3.14 | 10am-12.30pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 5.3.14 | 10.30am-2pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |
| | 6.3.14 | 1.30pm-6.30pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 8.3.14 | 9.30am-1.30pm | തേലക്കാട്-മഞ്ചേരി പോയിവന്നത് | | | |
| | 12.3.14 | 12pm-3pm | തേലക്കാട്-പെരിന്തൽമണ്ണ പോയിവന്നത് | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | 13.3.14 | 10am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 14.3.14 | 10am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | 17.3.14 | 10am-2pm | തേലക്കാട്-മലപ്പുറം പോയിവന്നത് | | | |
| | | | ആകെ | | | 3950 |

അധികമായി നൽകിയ 3950 രൂപ പണം നൽകിയ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്ക് റിപ്പയർ -അപാകത

2015-16 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയർ എന്ന പദ്ധതിക്കായി 183750 രൂപ (245 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 1 CFL ന് 750 രൂപ പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രൊജക്ട് നം. SO188/15

അടങ്കൽ -200000

കരാറുകാരൻ - കെ.ടി .യൂസഫ്

വൗച്ചർ നം. 21500116/3.6.15 തുക 140000

വൗച്ചർ നം. 21500830/31.3.16 തുക 43750

<u>അപാകതകൾ</u>

തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതുകൊണ്ട് തന്നെ കൃത്യമായ കണക്കില്ലാതെയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിലെ മെമ്പർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ള പട്ടിക പ്രകാരം വിവിധ വാർഡുകളിൽ കേടുവന്നതിന്റെയും റിപ്പയർ ചെയ്തതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| വാർഡ് നം | കേടുവന്നതിന്റെ വിവരം | റിപ്പയർ ചെയ്തത് | അധികം |
|---|---|---|---|
| 1 | 17 | 11 | - |
| 2 | 14 | 18 | 4 |
| 3 | 16 | 18 | 2 |
| 4 | 20 | 20 | - |
| 5 | 16 | 12 | - |
| 6 | 12 | 14 | 2 |

| | | | |
|---|---|---|---|
| 7 | 13 | 11 | - |
| 8 | 9 | 16 | 7 |
| 9 | 5 | 13 | 8 |
| 10 | 12 | 11 | - |
| 11 | 16 | 14 | - |
| 12 | 10 | 18 | 8 |
| 13 | 14 | 17 | 3 |
| 14 | 14 | 18 | 4 |
| 15 | 20 | 17 | - |
| 16 | 10 | 17 | 7 |
| | ആകെ | 245 | 45 |

45 എണ്ണത്തിന്റെ വില അധികമായി നൽകിയത് മൂലം 33750 രൂപ (45*750) നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കിയതിന്റെയോ കെ.എസ്.ഇ.ബി യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രമോ ഫയലിൽ ഇല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 7 തി.24.9.16 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-8 നികുതി കുറവായി അടവാക്കിയത്

| പ്രവർത്തി | ചുടലകുന്ന് വല്ലകുളം നടപ്പാത നിർമ്മാണം |
|---|---|
| എഗ്രിമെന്റ് | 49/6-8-15 |
| കരാറുകാരൻ | അബ്ദുൽ അസീസ് ഹാജി |
| എം- ബുക്ക് | 49/15-16 |
| വൗച്ചർ | 118/28-3-16 -350000<br>130/28-3-16 -15000 |
| മൂല്യ നിർണ്ണയ തുക | 365000 |

മൊത്തം 365000 രൂപക്ക് മൂല്യ നിർണ്ണയവും അത്രയും തുക തന്നെ ചെലവഴിക്കുകയും ചെയ്തിരിക്കുന്ന മേൽ പ്രവർത്തിയിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ് അറ്റ തുക കണക്കാക്കിയിരിക്കുന്നത്.

| | |
|---|---|
| വൗച്ചർ118/28-3-16 -350000 | അറ്റതുക-322453<br>vat -17217<br>it -6887 |

| | |
|---|---|
| | wf -3443<br>-350000 |
| വൗച്ചർ130/28-3-16 -15000 | അറ്റതുക 15000 |

365000രൂപക്ക് നികുതി ഈടാക്കുന്നതിന് പകരം 344300 രൂപക്കാണ് നികുതി ഈടാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ വന്ന കുറവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | vat | it | wf |
|---|---|---|---|
| ഈടാക്കിയത് | 17217 | 6887 | 3443 |
| ഈടാക്കേണ്ടത് | 18250 | 7300 | 3650 |
| കുറവ് | 1033 | 413 | 207 |

കുറവ് വന്ന തുക 1653 രൂപ ഈടാക്കി ബന്ധപെട്ട വകുപ്പുകളിലേക്ക് അടവാക്കേണ്ടതാണ്.

## 3-9 കൺവീനർ വർക് പ്രവൃത്തി -അപാകതകൾ

കൺവീനർ മുഖേന ചെയ്ത മരാമത്ത് പ്രവൃത്തികൾ രേഖകൾ പരിശോധനക്ക് വിധേയമാക്കാത്തത്

ഗ്രാമ പഞ്ചായത്ത് 2015-16 വർഷത്തിലെ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും, കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിലൊന്നും ഇത്തരത്തിൽ അക്കൗണ്ട് തയ്യാറാക്കി കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.
2. പ്രവൃത്തിക്കുവേണ്ടി നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, അച്ഛന്റെ പേര്, ഹാജർ വിവരം, വേതന നിരക്ക്, വേതനം എന്നീ വിവരങ്ങൾ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മസ്റ്റർ റോളുകളിലൊന്നും തന്നെ ഇത്തരത്തിലുള്ള വിവരങ്ങളൊന്നും ചേർത്തിട്ടില്ല എന്നു മാത്രമല്ല തൊഴിലാളികളുടെ ഒപ്പു പോലും സംശയിക്കത്തക്കവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.
3. പ്രവർത്തിക്ക് ആവശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും ഗുണഭോക്തൃ സമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങേണ്ടതും ക്യാഷ് ബില്ലും രശീതിയും വാങ്ങിക്കേണ്ടതും ക്രമ നമ്പറിട്ട് സൂക്ഷിക്കേണ്ടതുമാണ്. സിമന്റ്, കമ്പി, സ്റ്റീൽ എന്നിവ അംഗീകൃത ഡീലറിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. എന്നാൽ 90 % ബില്ലുകളും രശീതികളും വ്യക്തികളിൽ നിന്നുള്ളതാണ് ഹാജരാക്കിയിട്ടുള്ളത്. സിമന്റിന്റെയും സ്റ്റീലിന്റെയും ബിറ്റുമന്റെയും ബില്ലുകൾ അംഗീകൃത ഡീലർമാരിൽ നിന്നുള്ളത് (ഫോറം 8 B പ്രകാരമുള്ളത്) ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
4. കൺവീനർമാർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തിക്ക് ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള മൂല്യനിർണ്ണയ തുക, കൺവീനറുടെ ചെലവ് ഏതാണോ കുറവ് അതിനു മാത്രമാണ് അർഹത. എന്നാൽ കൺവീനർ ഹാജരാക്കുന്ന ബില്ലുകളും രേഖകളും യാതൊരു വിധത്തിലുള്ള പരിശോധനക്ക് വിധേയമാക്കാതെ മൂല്യനിർണ്ണയപ്രകാരമുള്ള തുക മുഴുവനായും അനുവദിക്കുകയാണുണ്ടായത്.

5. കുടിവെള്ള വിതരണ പദ്ധതികളിൽ മോട്ടോർ, പ്രിഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് എന്നിവക്ക് പ്രാദേശിക നിരക്കാണ് അടങ്കലിൽ ഉൾപെടുത്തിയിട്ടുള്ളതും ബില്ലിൽ അനുവദിച്ചിട്ടുള്ളതും. എന്നാൽ ഫൈനൽ ബില്ലിൽ അനുവദിച്ച മേൽ ഇനങ്ങളുടെ തുക സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

   കൺവീനർ/കരാറുകാരൻ ഹാജരാക്കിയിട്ടുള്ളത് സ്ഥാപനം നൽകിയിട്ടുള്ള ഫോറം 8 B പ്രകാരമുള്ള രശീതിയുടെ അടിസ്ഥാനത്തിലല്ല, സ്ഥാപനത്തിന്റെ ഇൻവായ്സ് ബിൽ മാത്രമാണ് ഫയലിൽ കാണുന്നത്. മോട്ടോറിന്റെ കമ്പനി, സ്പെസിഫിക്കേഷൻ, സീരിയൽ നമ്പർ, ഗ്യാരന്റി/വാറന്റി കാർഡ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

ജി.ഒ.(പി)-259/2010ത.സ്വ.ഭ.വ 8-11-2010 ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും, തദ്ദേശ സ്വയഭരണ സ്ഥപനങ്ങളുടേയും, കൈമാറികിട്ടിയ സ്ഥപനങ്ങളിലെയും, പ്രവൃത്തികൾ നിർവഹിക്കുമ്പോൾ മാർഗ്ഗരേഖ പാലിക്കണമെന്ന് നിഷ്കർച്ചിട്ടുള്ളതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പാക്കിയ ഇത്തരം പ്രവൃത്തികളിലെല്ലാം അടങ്കലിൽ ഉൾപ്പെടുത്തിയ തുക പൊതുമരാമത്ത് നിരക്കെന്നപോലെ കൺവീനർ ഹാജരാക്കുന്ന രശീതിയുടെ (സ്ഥാപനങ്ങൾ ടി സാധനങ്ങളുടെ അംഗീകൃത വിതരണക്കാരെന്ന് ഉറപ്പുവരുത്തിയിട്ടില്ല, ചില പ്രവൃത്തികൾക്ക് പത്രപരസ്യം കൺവീനർ നൽകിയ പത്രപരസ്യം കാണുന്നു.) അടിസ്ഥാനത്തിൽ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിക്കുകയോ കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽസ് വാങ്ങിയതായോ കാണുന്നില്ല. ഇക്കാര്യത്തിൽ ഏററവും കുറഞ്ഞ തുകയിൽ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള യാതൊരുവിധ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

ടാറിംഗ് പ്രവൃത്തികൾക്ക് ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവർത്തിയിൽ പോലും ഡീലർമാരിൽ നിന്നുള്ള ബിൽ ഹാജരാക്കിയിട്ടില്ല. പകരം ചില പ്രവൃത്തികളിൽ സിഡ്ക്കോയിൽ നിന്നുള്ള ഇൻവോയ്സ് ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് .

മേൽ വസ്തുതകളിൽ നിന്ന് കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവൃത്തി പോലും ഗവൺമെന്റ് നിർദേശം പാലിച്ചോ ഒരു യഥാർത്ഥ കമ്മറ്റി മുഖേനെയോ നടപ്പാക്കുന്നില്ല എന്ന് വ്യക്തമാണ് .

## 3-10 ഇൻകം ടാക്സ് ഈടാക്കാത്തത് സംബന്ധിച്ച്

ശ്രീ അബു സലീം വി.പി ഹെഡ് ക്ലാർക്കിന്റെ ശമ്പളത്തിൽ നിന്നും 2015-16 വർഷത്തിലെ ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല.(Vr.No 21500812/29.3.12 പ്രകാരമുള്ള EL സറണ്ടർ 40046 ഉൾപ്പെടുത്താത്തത് മൂലം) ടി യാന്റെ ശമ്പള വിവരം ചുവടെ കൊടുക്കുന്നു.

ശമ്പളം - 226460

ഡി.എ- 185156

എച്ച്.ആർ.എ- 4000

ലീവ് സറണ്ടർ- 40046

---------------------------------------------

ആകെ 455662

(+)ഫെസ്റ്റിവൽ അലവൻസ്- 2400

----------------------------------------------

ആകെ 458062

(-) തൊഴിൽ നികുതി- 2500

-----------------------------------------------

ആകെ 455562

Sction 80c പ്രകാരമുള്ള

Deductions

limited to 150000

-------------------------------------------------

305562

Taxable Income 55562

Tax 5560 (-)

Rebate 2000

-----------------------------------------------

Tax 3560

Cess 3% 110

----------------------------------------------

ആകെ 3670

ഇൻകം ടാക്സ് ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയി ക്കേണ്ടതാണ്.

## 3-11 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക തടസ്സം ചെയ്യുന്നു

2015-16 ൽ നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ

| ക്രമ നം | വൗച്ചർ നം/ബിൽ നം /തി | തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 1 | 21500838/31.3.16 | 45630 | IKM ന് നൽകിയ പ്രവർത്തന ഫണ്ട്<br>(പ്രൊജക്ട് നം 185/16) |
| 2 | 9/15-16 | 300000 | IAY വീടുകൾക്ക് അധിക ധനസഹായം(പട്ടികജാതി)<br>പെരിന്തൽമണ്ണ ബ്ലോക്കിന് നൽകിയത്<br>(പ്രൊജക്ട് നം 25/16) |
| 3 | 10/15-16<br>11/15-16 | 287854<br>372146 | IAY വീടുകൾക്ക് അധിക ധനസഹായം<br>പെരിന്തൽമണ്ണ ബ്ളോക്കിന് നൽകിയത് |

| | | | |
|---|---|---|---|
| | | | (പ്രൊജക്ട് നം 24/16) |
| 4 | ചെക് നം 41315-005-10/10.7.15 | 65000 | മീഡിയശ്രീ പ്രൊജക്ട്(169/16)നായി കുടുംബശ്രീ മലപ്പുറത്തിന് നൽകിയത്<br>(നിർവ്വഹണം അസി.സെക്രട്ടറി) |

ആകെ 1070630

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 1070630 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | നൽകിയ തുക | ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 1 | SO011/16 | പരിരക്ഷാ പദ്ധതി | 100000 | 24612 |
| 2 | SO012/16 | പാലിയേറ്റിവ് കെയർ | 50000 | 18196 |
| 3 | SO09/16 | പി.എച്ച്.സി യിലേക്ക് മരുന്ന വാങ്ങൽ | 100000 | 11683 |

ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 3-13 വികലാംഗ പെൻഷൻ അധികം വാങ്ങിയത്

അക്കൗണ്ടന്റ് ജനറൽ ക്ഷേമ പെൻഷൻ സംബന്ധിച്ച് നടത്തിയ പെർഫോമൻസ് റിവ്യൂവിന്റെ അടിസ്ഥാനത്തിൽ

ഗ്രാമപഞ്ചായത്തിൽ 19 duplicate കേസുകൾ കണ്ടെത്തിയതായും ആയതിൻമേൽ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാൻ No.Rep(LBA)/PA/SSP/2014-15/226 dt.5.10.15 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ഒരു ഗുണഭോക്താവ് (ശ്രീ അരുൺ, s/o രാമൻ) ഇരട്ട പെൻഷൻ വാങ്ങുന്നത് കണ്ടെത്തുകയും ടിയാൻ അധികമായി വാങ്ങിയ 22775 രൂപ തിരിച്ചടക്കാൻ B2-3462/15 തി 26.10.15 പ്രകാരം ആവശ്യപ്പെട്ടതിൽ 9000 രൂപ രസീത് നം.11504102669 തി.28.10.15 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക 13775 രൂപ നാളിതു വരെയായും അടവാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-14 തനത് ഫണ്ടിൽ നിന്ന് നൽകിയ തുകകൾ റീക്കൂപ്പ് -സംബന്ധിച്ച്

2015-16 ൽ താഴെപ്പറയുന്ന ചെലവുകൾ തനത് ഫണ്ടിൽ നിന്ന് നടത്തിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം/തി | തുക | ബില്ലിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 21500036/28.4.15 | 6030 | ആശ്രയ പ്രൊജക്റ്റ് ബുക് തയ്യാറാക്കിയതിന് നൽകിയത് | ആശ്രയ ചലഞ്ച് ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്യേണ്ടത് |
| 2 | 215000207/15.7.15<br>215000781/23.3.16 | 14500<br>14500 | സാക്ഷരത പ്രേരക് ശ്രീ അഷ്റഫിന് ഓണറേറിയം നൽകിയത് | സാക്ഷരത ഫണ്ടിൽ നിന്ന് റീക്കൂപ് ചെയ്യേണ്ടത് |
| 3. | 21500677/5.2.16 | 24000 | തൊഴിലുറപ്പ് പദ്ധതി -ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 12/15,1/16 വേതനം | തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്ന് റീ കൂപ് ചെയ്യേണ്ടത്. |
| 4 | 21500675/5.2.16 | 32000 | തൊഴിലുറപ്പ് പദ്ധതി -ഡാറ്റാ AE യുടെ 12/15,1/16 വേതനം | |
| 5 | 21500676/5.2.16 | 26000 | തൊഴിലുറപ്പ് പദ്ധതി - ഓവർസിയറുടെ 12/15,1/16 വേതനം | |
| 6 | 21500777/19.3.16 | 16000 | തൊഴിലുറപ്പ് പദ്ധതി -ഡാറ്റാ AE | |

| | | | | |
|---|---|---|---|---|
| | | | യുടെ 2/16 വേതനം | |
| 7 | 21500775/19.3.16 | 12000 | തൊഴിലുറപ്പ് പദ്ധതി -ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ 2/16 വേതനം | |
| 8 | 21500776/19.3.16 | 13000 | തൊഴിലുറപ്പ് പദ്ധതി - ഓവർസിയറുടെ 2/16 വേതനം | |

ആകെ 1,58,030

മേൽ ചെലവഴിച്ച തുകകൾ നാളിതുവരെ തനത് ഫണ്ടിലേക്ക് റീക്രൂപ് ചെയ്യാത്തതിനാൽ തടസ്സം ചെയ്യുന്നു.

## 3-15 കമ്പ്യൂട്ടറുകളും ലാപ്പ്ടോപ്പും ആവശ്യാനുസരണം വാങ്ങിയില്ല.

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 191500 രൂപ ചെലവഴിച്ച് (ബിൽ നമ്പർ 7/15-16 തി. 18-1-16) പിഎച്ച്സിയിലേക്കും സബ്സെന്ററുകളിലേക്കുമായി അഞ്ച് കെൽട്രോൺ ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറുകളും ഒരു എയ്സർ ലാപ്പടോപ്പും കെൻട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്.മേൽ പ്രോജെക്ടിന്റെ നിർവഹണത്തിലും ഉപകരണങ്ങളുടെ വിനിയോഗത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 കെൽട്രോണുമായി ഉണ്ടാക്കിയ കരാറിൽ നിർവഹണ ഉദ്യോഗസ്ഥനും സാക്ഷികളും ഒപ്പു വച്ചിട്ടില്ല.

2 ലഭ്യമാക്കിയ കമ്പ്യൂട്ടറുകളുടെ വാറണ്ടി സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

3 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മൂന്ന് കമ്പ്യൂട്ടറുകൾ സബ്സെന്ററുകൾക്ക്

കൈമാറിയിട്ടുണ്ട്. രണ്ടെണ്ണം പിഎച്ച്സിയിലും സൂക്ഷിച്ചിട്ടുണ്ട്. താരതമ്യേന ഓഫീസ് ജോലിഭാരം കുറവുള്ള സബ്സെന്ററുകൾക്ക് കംമ്പ്യൂട്ടറുകൾ നൽകേണ്ട സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4 പിഎച്ച്സിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ നിലവിൽ ഹെൽത്ത് ഇൻസ്പെക്ടറാണ് ഉപയോഗിക്കുന്നതെന്ന് 23-9-16 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ പുതുക്കിയ മാർഗ്ഗരേഖയിലും (ജി ഒ (എംഎസ്)300/2010തസ്വഭവ 10-12-2010) ജി.ഒ (ആർ ടി) 1174/14 16-5-2014 ഉത്തരവിലും മെഡിക്കൽ ഓഫീസർക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിനെക്കുറിച്ച് പരാമർശിക്കുന്നില്ല. മേൽ വിഷയത്തിൽ

തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-16 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം

വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 28 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 500 ലധികം കുട്ടികൾ അംഗൻവാടികളിൽ പഠിക്കുന്നുണ്ട്. കൂടാതെ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള അംഗൻ വാടികളിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിശദാംശങ്ങൾ | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ | 12 |
| 2 | സ്വന്തമായി സ്ഥലം ഉള്ള അംഗൻവാടികൾ | 17 |
| 3 | ചുറ്റുമതിലുള്ള അംഗൻവാടികൾ | 12 |
| 4 | വൈദ്യുതി കണക്ഷനുള്ള അംഗൻവാടികൾ | 11 |
| 5 | കുടിവെള്ള സൗകര്യമുള്ള അംഗൻവാടികൾ | 11 |
| 6 | ടോയ്‌ലറ്റ് സൗകര്യമുള്ള അംഗൻവാടികൾ | 12 |

1 വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ 12 എണ്ണമേയുള്ളൂ. വാടകയിനത്തിൽ 54,000 രൂപ പ്രതിവർഷം അടവാക്കുന്നുണ്ട്.
2. ഭൂരിപക്ഷം അംഗൻവാടികൾക്കും ചുറ്റുമതിലില്ല.

3 വൈദ്യുതി കണക്ഷനും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റ് സൗകര്യവുമുള്ള അംഗൻവാടികളുടെ എണ്ണം കുറവാണ്.

അംഗൻവാടി കെട്ടിടങ്ങൾ അപകടാവസ്ഥയിൽ

23-9-2016 ന് വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൂന്ന് അംഗൻവാടികൾ സ്ഥല പരിശോധനയുടെ ഭാഗമായി സന്ദർശിക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സെന്റർ നമ്പർ | അംഗൻവാടിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | 83 | കാപ്പ് അംഗൻവാടി | നിരവധി വർഷം പഴക്കമുള്ള കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. മേൽക്കൂരയും ഭിത്തിയും പൊളിഞ്ഞു വീഴാറായിട്ടുണ്ട്. |
| 2 | 84 | കാര അംഗൻവാടി | കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. മേൽക്കൂരയ്ക്ക് ചോർച്ചയുണ്ട്. മുകളിൽ നിന്നും പട്ടികകൾ അടർന്നു വീഴുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | |
| 3 | 85 | പാലക്കുന്ന് അംഗൻവാടി | കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. ഭിത്തിക്ക് വിള്ളൽ ഉണ്ട്. നിലം താഴ്ന്ന പോയിട്ടുണ്ട്. മേൽക്കൂരക്ക് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കെട്ടിടം അപകടാവസ്ഥയിലാണ്. |

എല്ലാ വർഷവും മെയ് 10 നകം പഞ്ചായത്ത് അസി.എഞ്ചിനീയർ/ഓവർസിയർ വാടകക്കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കുകയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ മേൽ അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ നിന്നും കുട്ടികളെ മാറ്റിപ്പാർപ്പിക്കുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത ഇനത്തിന് തുക ചെലവഴിച്ചത്

2015-16 അസി.എഞ്ചിനീയർ നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ പച്ചീരി പട്ടികജാതി കോളനി സമഗ്രവികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, കോളനിയിലെ 11 കുടുംബങ്ങളുടെ കിണറുകൾക്ക് കയ്യാല കെട്ടിക്കൊടുത്തതിനും ചുറ്റുമതിൽ കെട്ടുന്നതിനുമായി ഒരൊറ്റ പ്രവൃത്തിയായി 2,51,000/- രൂപയ്ക്ക് അടങ്കൽ തയ്യാറാക്കി 2,51,000 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴച്ചിട്ടുണ്ട്. (ബിൽ നമ്പർ 21 തീയതി 18-09-15). പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത് പഞ്ചായത്തിന് വിട്ടുകൊടുത്ത സ്ഥലത്തല്ല, മറിച്ച് പട്ടികജാതി കോളനികളുടെ സ്ഥലം/കിണർ എന്നിവ സംരക്ഷിക്കുന്നതിനാണ്. ഇത്തരത്തിലുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്തലങ്ങളിൽ മാത്രം നടപ്പാക്കുന്നതിനാണ് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിലുള്ള പദ്ധതികൾക്ക് വിഹിതം നൽകി സംയുക്തമായി പദ്ധതി നടപ്പാക്കുന്നതിന് പകരം ഗ്രാമ പഞ്ചായത്ത് സ്വയം ഏറ്റെടുത്ത് നടപ്പാക്കിയത് ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടിയ അധികാരങ്ങളിൽ ഉൾപ്പെടുത്താത്തതാണ്.

മാത്രമല്ല ടി പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്, എസ്.സി/എസ്.റ്റി ഡിപ്പാർട്ടുമെന്റുകൾ എന്നിവ മുഖേന മുമ്പ് ടി കോളനികളിൽ സമഗ്ര വികസനം നടപ്പാക്കിയിട്ടില്ല എന്നത് കാണിക്കുന്ന സാക്ഷ്യപത്രങ്ങളും ഗ്രാമ പഞ്ചായത്ത് വാങ്ങിയല്ല ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷത്തിൽ 5 രശീതി കളിലായി 14299 രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ<br>പേരും ഉദ്യോഗപ്പേരും | രശീതി നംമ്പർ/<br>തീയതി |
|---|---|---|---|---|
| 1999-2000 | 3-2 | 180 | ശ്രീ ചാത്തുകുട്ടി<br>മൈനേടത്ത് | 11504100702/<br>15-5-15 |
| | 3-3 | 476 | ശ്രീ ചാത്തുകുട്ടി<br>മൈനേടത്ത് | 11504100702/<br>15-5-15 |
| 2003-04 | 3-7(1) | 2495 | ശ്രീ എം മുകുന്ദൻ<br>സെക്രട്ടറി | 11504100801/ 21-5-15 |
| 2004-05 | 3(12) | 1785 | ശ്രീ അബ്ദുൾ അസീസ് ഹാജി<br>കോൺട്രാക്ടർ | 11504100799/<br>21-5-15 |
| | 3(14) | 6863 | ശ്രീ അബ്ദുൾ അസീസ് ഹാജി<br>കോൺട്രാക്ടർ | 11504100800/<br>21-5-15 |

| | | | | |
|---|---|---|---|---|
| 2012-13 | 2(1) | 2500 | ശ്രീ കെകെ സത്യകുമാരൻ<br>സെക്രട്ടറി | 11504101387/<br>16-7-15 |
| | | 14299 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2(18) | 2006-07 | 3.71.2 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | നിയമസഭാ സമിതി പരിഗണനക്ക് എടുത്തിട്ടില്ല |
| 1998-99 | 2(17) | 2006-07 | 3.71.4 | KSEB ഡെപ്പോസിറ്റ് | |
| 1998-99 | 2(21) | 2006-07 | 3.71.5 | മരാമത്ത് പണി അധിക തുക നൽകി. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37033094 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40928420 |
| വരവിനങ്ങളിലുള്ള നഷ്ടം | 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 78368 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2128660 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3(1) | | 6882 | പ്രസന്നകുമാർ<br>അസി.എഞ്ചിനീയർ |
| 3(2) | | 19987 | പ്രസന്നകുമാർ<br>അസി.എഞ്ചിനീയർ |
| 3(4) | | 7104 | പ്രസന്നകുമാർ<br>അസി.എഞ്ചിനീയർ |
| 3(3) | | 6695 | പ്രസന്നകുമാർ<br>അസി.എഞ്ചിനീയർ |
| 3(6) | | 3950 | സുരേഷ്ബാബു പി<br>സെക്രട്ടറി |
| 3(7) | | 33750 | സുരേഷ്ബാബു പി<br>സെക്രട്ടറി |
| | ആകെ | 78368 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(5) | 900000 | ശ്രീമതി നിമ്മി ജേക്കബ്ബ്, അസി. സെക്രട്ടറി |
| 3(11) | 1070630 | സുരേഷ്ബാബു പി, സെക്രട്ടറി |
| 3(14) | 158030 | ,, |
| ആകെ | 21,28,660 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1653 – ഖണ്ഡിക 3(8) പ്രസന്നകുമാർ, അസി. എഞ്ചിനീയർ
3670 – ഖണ്ഡിക 3(10) സുരേഷ് ബാബു. പി, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രസന്നകുമാർ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി | മേരി നിവാസ് കൊടുമ്പ് പി.ഒ പാലക്കാട് 678551 |
| സുരേഷ്ബാബു പി സെക്രട്ടറി | സെക്രട്ടറി വിളയൂർ ഗ്രാമപഞ്ചായത്ത് | പാക്കത്ത് ഹൗസ് അലനല്ലൂർ പി.ഒ പാലക്കാട് ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.11/201/14, തീ:7-4-14 | 35 | |
| 1998-99(വരവ്) | എൽഎഫ് എം 11/2845(15)/12 തി. 12-0-13 | 4 | |
| 1998-99 (ചെലവ്) | എൽ എഫ് എം 11/2845 /12 (14),തി. 13-8-13 | 21 | |
| 1999-2000 | എൽ.എഫ്.എം.11/2845/12 (16), തി.13-3-13 | 24 | |
| 2000-01 | എൽ.എഫ്.എം.11/2845(1)/12 (16), തി.13-3-13 | 16 | |
| 2001-02 | എൽ.എഫ്.എം.16/1167/09 /10 തി.10-10-10 | 18 | |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.എം.16/2299/09 തി.10-10-10 | 16 | |
| 22003-04 | എൽ.എഫ്.എം.11/2845/12 (18), തി.13-3-13 | 23 | |
| 2004-05 | എൽ.എഫ്.എം.16/1989/09, തി.27-7-10 | 43 | |
| 2005-06 | എൽ.എഫ്.എം. 16/ 107/10,തി.10-10-10 | 33 | |
| 2006-07 | എൽ.എഫ്.എം..16/1457/10 ,തി.28-11-09 | 29 | |
| 2008-09 | എൽ.എഫ്.എം. 11/1199/11 / , തി.12-5-11 | 13 | |
| 2009-10 | എൽ.എഫ്.എം. 11/ 689A/12തി. 2-6-12 | 8 | |
| 2010-11 | എൽ.എഫ്.എം.11/689B/12, തീ:2-6-12 | 7 | |
| 2011-12 | എൽ.എഫ്.എം.11/2844/12 തി.4-1-13 | 3 | |
| 2012-13 | എൽ എഫ് എം11/379/14 തി.4-4-14 | 6 | |
| 2013-14,2014-15 | കെ എസ് എ എം പി എം 11/760/2016 തി.25-4-16 | 31 | |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.11/2683/2016

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
ഫോൺ 0483 2734951

ഇ-മെയിൽ dompm.ksad@kerala.gov.in

തിയതി: 03-10-2016

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ **2015-16**വർഷത്തെ

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ **2015-16** വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## AUDIT CERTIFICATE

No.KSA/MPM.11/2683/2016 Kerala
State Audit Department

District Audit Office, Malappuram
Phone 0483 2734951

Email dompm.ksad@kerala.gov.in

Certified that I have audited the Annual Financial Statement of **vettathur** Grama Panchayat in Malappuram District for the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994,section 215 of the Kerala Panchayat Raj Act 1994,the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj Institutions.

In my Opinion, the Financial Statements of **Vettathur** Grama Panchayat for the year **2015-16** except the observations in My audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

MALAPPURAM